# September 1997 Mathematics II – Answers

Back

1. സ്തൂപികയുടെ നേർഖണ്ഡം ഒരു ഷഡ്ഭുജക്ഷേത്രമാണ്. സ്തൂപികയുടെ പാദവും ഷഡ്ഭുജക്ഷേത്രമാണ്. പാദത്തിന് 6 മൂലകളുണ്ട്. സ്തൂപികയുടെ ശീർഷവും കൂടി ചേർന്നാൽ ആകെ 7 മൂലകളുണ്ടായിരിക്കും.

2. ദീർഘചാപം AB യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണിന്റെ ഡിഗ്രി അളവ് x ആണ്.




ലഘുചാപം AB യുടെ കേന്ദ്രകോണിന്റ അളവ് = 2x

Back

ലഘുചാപം AB യുടെ അന്തഃഖ്ഡചാപത്തിന്റെ അളവ് = 2 × ലഘുചാപം AB യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണിന്റെ അളവ്

= 2 × ദീർഘചാപം AB യുടെ അന്തർലിഖിത കോണിന്റെ അളവ്

= 2× ദീർഘചാപം AB യുടെ അളവ്

= 360 - ലഘുചാപം AB യുടെ അളവ്

= 360 - 2x

***ശരിയായ ഉത്തരം :*** **360 - 2x**

3. മധ്യാങ്കം = (നീചപരിധി + ഉച്ച പരിധി) ÷ 2 ഉത്തരങ്ങൾ പരിശോധിച്ചാൽ

1. 39 - 50
മധ്യാങ്കം = ( 39 + 50 ) ÷/ 2
= 89 ÷ 2
= 44.5

2. 40 – 50
മധ്യാങ്കം = ( 40 + 50 ) ÷ 2

Back

$= 90 \div 2$ Back

$= 45$

3. 40 - 49

മധ്യാങ്കം $= (40 + 49) \div 2$

$= 89 \div 2$

$= 44.5$

4. 41 - 50

മധ്യാങ്കം $= (41 + 50) \div 2$

$= 91 \div 2$

$= 45.5$

***ശരിയായ ഉത്തരം* : 40 – 50**

4. Cot A Sin A = (Cos A / Sin A). Sin A

= CosA . Sin A / Sin A = Cos A.

***ശരിയായ ഉത്തരം* = Cos A.**

5. ആരം = r ആണെന്ന് തന്നിട്ടുണ്ട്

വ്യാസം = പാർശോന്നതി = 2r

ഉന്നതി h $= \sqrt{(\text{പാർശോന്നതി})^2 - (\text{ആരം})^2}$

$= \sqrt{(2r)^2 - r^2}$ Back

$= \sqrt{4r^2 - r^2}$

$= \sqrt{3}\, r.$

6. ചാപം DABC യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണാണ് ∠DBC

ചാപം DABC യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന മറ്റൊരു കോണാണ് ∠DAC




ഒരേ ചാപത്തിൽ അന്തർലേഖനം ചെയ്തിട്ടുള്ള കോണുകളുടെ അളവുകൾ തുല്യമായിരിക്കും. Back

Back

∠DBC = ∠DAC

7. 1 – Cos²A  പരിഗണിക്കുക

1 – Cos²A = Sin²A

$\sqrt{1 - Cos^2A}$ = SinA

***ശരിയായ ഉത്തരം*** : **1 – Cos²A**

8. ∠E = ∠BEC ദീർഘചാപം BC യിൽ അന്തർലേഖം ചെയ്തിരിക്കുന്ന കോണാണ് ∠BEC. ചാപം BAC യുടെ അന്തർലിഖിത കോണാണ് ∠E




Back

9. മരിച്ചവരുടെ എണ്ണം = x

മധ്യവർഷ ജനസംഖ്യ = y

$$CDR = \frac{\text{മരിച്ചവരുടെ എണ്ണം} \times 1000}{\text{മധ്യവർഷ ജനസംഖ്യ}} = \frac{x}{y} \times 1000$$

***ശരിയായ ഉത്തരം*** : **(x / y) × 1000**

10. ചക്രീയ ചതുർഭുജം APBQ പരിഗണിക്കുക




∠APB + ∠AQB = 180

Back

$\angle APB = \angle APC + \angle BPC$ Back

$\angle APC = \angle PAC = p$ ( AC = PC = ആരം)

$\angle BPC = \angle PBC = q$ (BC = PC = ആരം)

$\angle APB = \angle APC + \angle BPC$

$= p + q$

$\angle AQB = 180 – \angle APB = 180 – (p + q)$

11. ഒരു ചക്രീയ ചതുർഭുജത്തിന്റെ എതിർശീർഷകോണുകൾ അനുപൂരകങ്ങ ളാണ്

$A + C = 180$

$A = 180 – C$

$= 180 – 60 = 120$

***ശരിയായ ഉത്തരം* : 120**

12. എതിർചാപങ്ങ ളുടെ ഡിഗ്രി അളവുകളുടെ തുക = 360

ചാപം APB + ചാപം AQB = 360°

Back

ചാപം AQB = 360 - 140 = 220°

13. ഒരു ലഘുചാപത്തിന്റെ ഡിഗ്രി അളവ് ആ ചാപത്തിന്റെ കേന്ദ്രകോണിന്റെ അളവാകുന്നു

XCZ = 80° ചാപം XYZ = 80°

***ശരിയായ ഉത്തരം* : 80°**

14. അർദ്ധവൃത്തത്തിന്റെ ഡിഗ്രി അളവ് 180 ആണ്

ചാപം ABC = 180°

15. അഭ്യൂഹമാധ്യം A = 48

പ്രാപ്താങ്കങ്ങളുടെ എണ്ണം, n = 12

A യിൽ നിന്നുള്ള വ്യതിയാനങ്ങളുടെ തുക, $\Sigma d = -12$

മാധ്യം $x = A + \Sigma d/n$

$= 48 + -12/12$ Back
$= 48 + -1 = 47$

16. AB, O കേന്ദ്രമായ വൃത്തത്തിന്റെ വ്യാസമാണ്. OC ⊥ar AB **Back**




∠AOC = 90 ചാപം AC = 90

ചാപം ABC = 360 - ∠AOC

= 360 - 90 = 270 **Back**

***ശരിയായ ഉത്തരം* : 270**

17. ഒരു സമചതുരസ്തൂപികയ്ക്ക് 4 പാദവക്കുകളും 4 പാർശ്വവക്കുകളും ഉണ്ട്

ഒരു പാദവക്കിന്റെ നീളം = 5 സെ.മീ

4 പാദവക്കുകളുടെ നീളം = 20 സെ.മീ

പാർശ്വവക്കിന്റെ നീളം = 5 സെ.മീ

4 പാർശ്വവക്കുകളുടെ നീളം = 20 സെ.മീ

ആകെ വക്കുകളുടെ നീളം 20 + 20 = **40 *സെ.മീ***

18. Cos A = Cos (90 - A)

A = 90 - A

2 A = 90 , A = 90/2 = 45 .

***ശരിയായ ഉത്തരം* : = 45**

19. പൈപ്പിന്റെ ആന്തരവ്യാസം = 22 സെ.മീ **Back**

ആന്തര ആരം = 11 സെ.മീ

പൈപ്പിന്റെ കനം = 4 സെ.മീ  **Back**

ബാഹ്യആരം = ആന്തരആരം + കനം

**= 11+ 4 = 15 *സെ.മീ***

20. വൃത്തസ്തൂപികയുടെ വക്രമുഖവിസ്തീർണ്ണം = $\prod rl$

r = ആരം

l = പാർശോന്നതി

പാദചുറ്റളവ് = $2\prod r = 16\prod$

$\prod r = 8\prod$

പാർശോന്നതി l = 12 സെ.മീ

വക്രമുഖവിസ്തീർണ്ണം = $\prod rl$

$= 8\prod \times 12 = 96\prod \text{ cm}^2$

***ശരിയായ ഉത്തരം* : 96 cm²**  **Back**

21. $1 + \text{Tan}^2 B = 1 + \text{Sin}^2 B/\text{Cos}^2 B$

$= (\text{Cos}^2 B + \text{Sin}^2 B)/\text{Cos}^2 B$

$= 1/\text{Cos}^2 B = \text{Sec}^2 B$

$(1+\text{Tan}^2 B)/\text{Sec}^2 B = \text{Sec}^2 B/\text{Sec}^2 B = 1$

$\sqrt{((1 + \text{Tan}^2) /\text{Sec}^2 )} = \sqrt{1}$

**= 1.**

22. ഒരു ഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം = $4\prod r^2$

ഉപരിതല വിസ്തീർണ്ണവും ആരത്തിന്റെ വർഗ്ഗവും അനുപാതത്തിലാണ്

2r ആരമുള്ള ഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം = $4\prod(2r)^2$

$= 4\prod \times 4r^2$

$= 16\prod r^2$

**Back**

$= 4 \times 4 \prod r^2$ Back

= 4 × r ആരമുള്ള ഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം

ആരം ഇരട്ടിയായപ്പോൾ ഉപരിതലവിസ്തീർണ്ണം 4 മടങ്ങായി വർദ്ധിച്ചു.

ഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം = $12 \prod cm^2$.

ഇരട്ടി ആരമുള്ള ഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം

**= 12 Õ X 4 = 48 Õ cm².**

23. ചിത്രം നോക്കുക വൃത്തകേന്ദ്രം O ആണ്.

വൃത്തത്തിലെ ഒരു ഞാണാണ് AB

OC ⊥ar AB




Back

AC = BC (വൃത്തകേന്ദ്രത്തിൽ നിന്നുള്ള ലംബം ഞാണിനെ സമഭാഗം ചെയ്യും.)

$AC^2 + OC^2 = OA^2$

$2.9^2 = 2.1^2 + OC^2$

$OC^2 = 2.9^2 - 2.1^2$

$= (2.9 + 2.1)(2.9 - 2.1)$

$= 5 \times 0.8 = 4$

$OC = \sqrt{4} = 2$ cm

വൃത്തകേന്ദ്രത്തിൽ നിന്നും ഞാണിലേയ്ക്കുള്ള ദൂരം = 2 സെ.മീ

24. ത്രികോണം ABC യുടെ വിസ്തീർണ്ണം = ½ × AB × BC sin B

= ½ × 18 × 12 0.8192 Back

$= 108 \times 0.8192$

$= 88.4736\ cm^2$

Back

25. മാധ്യം = പ്രാപ്താങ്കങ്ങളുടെ തുക / പ്രാപ്താങ്കങ്ങളുടെ എണ്ണം

പ്രാപ്താങ്കങ്ങളുടെ തുക = 10 × 13 = 130

14, 12 എന്നീ രണ്ട് പ്രാപ്താങ്കങ്ങൾ കൂടി

ഉൾപ്പെടുത്തിയാൽ ആകെ തുക = 130 + 12 + 14 = 156

പ്രാപ്താങ്കങ്ങളുടെ എണ്ണം = 12

മാധ്യം = 156/12 = 13

മാധ്യം വ്യത്യാസമില്ലാതെ തുടരുന്നു.

26. ചിത്രം ശ്രദ്ധിക്കുക

Back




∠BAC = 40 ∠DBC = 25

ചാപം BADC യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണാണ് ∠BDC.

ചാപം BADC യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന മറ്റൊരു കോണാണ് ∠BAC.

ഒരേ ചാപത്തിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണുകൾ തുല്യ അളവുള്ളവയാണ്.

∠BAC = ∠BDC = 40

ചാപം BAD യിൽ അന്തർലേഖനം ചെയ്തിരിക്കുന്ന കോണുകളാണ് ∠CAD യും ∠CBD യും.

Back

Back

$\angle CAD = \angle CBC = 25$

27. $\text{Sin A . Cot A} = \text{Sin A} \times (\text{Cos A}/\text{Sin A})$

$= \text{CosA}$

$= 1/\text{Sec A}$

28. വൃത്തത്തിന്റെ ആരം = 7.2/2 = 3.6




OT = 3.6

OP = 4.5

Back

$OP^2 = OT^2 + PT^2$

$PT^2 = OP^2 - OT^2$

$= 4.5^2 - 3.6^2 = (4.5 + 3.6)(4.5 - 3.6) = 8.1 \times 0.9$

$PT = \sqrt{(8.1 \times 0.9)} = \sqrt{(0.81 \times 9)} = 0.9 \times 3 = 2.7$ cm.

29.




സങ്കല്പം O കേന്ദ്രമായ വൃത്തത്തിൽ ഞാൺ AB = ഞാൺ CD

കൂടാതെ

$OM \perp AB, \; ON \perp CD$

Back

അനുമാനം

Back

OM = ON

തെളിവ്

OD, OB ഇവ വരയ്ക്കുക

OBM, ODN ഇവ പരിഗണിക്കുക

| പ്രസ്താവന | | കാരണം |
|---|---|---|
| 1. | BM = ½ AB | സങ്കല്പം :വൃത്ത കേന്ദ്രത്തിൽ നിന്നു ഞാണിലേക്കുള്ള ലംബം ഞാണിനെ സമഭാഗം ചെയ്യും |
| 2. | DN = ½ CD | സങ്കല്പ്പം : വൃത്തകേന്ദ്രത്തിൽ നിന്നും ഞാണിലേക്കുള്ള ലംബം ഞാണിനെ സമഭാഗം ചെയ്യും. |
| 3. | AB = CD | സങ്കല്പം |
| 4. | BM = DN | പ്രസ്താവന 1, 2, 3 |
| 5. | LM = LN = 90 | സങ്കല്പം, ലംബത്തിന്റെ നിർവ്വചനം. |
| 6. | BO = DO | ഒരേ വൃത്തത്തിന്റെ ആരങ്ങൾ |
| 7. | $\Delta OBM \cong \Delta ODN$ | പ്രസ്താവന 4, 5, 6, R.H.S. സിദ്ധാന്തം. |
| 8. | OM = ON | സർവ്വസമ ത്രികോണങ്ങളുടെ സമാനഭാഗങ്ങളുടെ അളവുകൾ |

Back

30. $(1 + \text{Cos } B)(1 - \text{Cos } B) = 1 - \text{Cos}^2 B$

$$= \text{Sin}^2 B = (\sin B)^2$$

$$= 1/(\text{Cosec}B)^2 = 1/\text{Cosec}^2 B.$$

31. ഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം = $324 \prod \text{cm}^2$

r ആരമുള്ള ഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം $r = 4 \prod r^2$.

അർദ്ധഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം $= 3 \prod r^2$.

$$4\prod r^2 = 324 \prod.$$

$$3 \prod r^2 = 4 \prod r^2 \times (3/4)$$

$$= 324 \prod \times (3/4)$$

Back

$$= 81 \prod \times 3$$

$$= 243 \prod \text{cm}^2.$$

32. Back

| പ്രായപരിധി | Rx | Sx | Sx Rx |
|---|---|---|---|
| 10 ന് താഴെ | 16 | 15000 | 240000 |
| 10-29 | 5 | 40000 | 200000 |
| 30 ന് മുകളിൽ | 38 | 36000 | 1368000 |

$\Sigma SxRx = 240000 + 200000 + 1368000$

$= 1808000$

$\Sigma Sx = 15000 + 40000 + 36000$

$= 91000$

$SDR = \Sigma SxRx / \Sigma Sx$

$= 1808000 \div 91000$

$= 19.868$ Back

**= 20**

33. ചിത്രംനോക്കുക




ഗോപുരം AB യും താഴെ കാണുന്ന വസ്തു C യും ആണ്

ദൂരം AC = 1500 ms

ഗോപുരത്തിന്റെ ഉയരം = AB

$\angle DAC = 29°$ Back

$\angle ACB = 29°$ **Back**

AB/AC = Sin 29

AB = AC × Sin 29

= 1000 × 0.4848

= 484.8 m

***ഗോപുരത്തിന്റെ ഉയരം* = 484.8 m**

34. ഒരു പൈപ്പിന്റെ അഗ്രമുഖത്തിന്റെ ബാഹ്യ ചുറ്റളവ് = 8 ∏ cm

**Back**

ബാഹ്യ ആരം = 8 ∏ / 2 ∏ = 4 cm

പൈപ്പിന്റെ കനം = 1 cm

ആന്തര ആരം = 4 - 1 = 3 സെ.മീ

പൈപ്പിന്റെ നീളം = 12 സെ.മീ

ആന്തരവക്രമുഖ വിസ്തീർണ്ണം = 2∏ rh

= 2 ∏ × 3 × 12

= 72 ∏.

35. 1994 = അടിസ്ഥാന വർഷം

1996 = നടപ്പു വർഷം

$P_0$ = അടിസ്ഥാനവർഷം

$P_1$ = നടപ്പുവർഷത്തെ വില

| പച്ചക്കറി | $P_0$(Rs/Kg) | $P_1$(Rs/Kg) |
|---|---|---|
| ഉരുളക്കിഴങ്ങ് | 6.50 | 8.50 |
| ടൊമാറ്റോ | 7.50 | 12.50 |
| ഉള്ളി | 8.50 | 13.50 |
| കാബേജ് | 6.90 | 8.80 |

$\Sigma P_0$ = 6.50 + 7.50 + 8.50 + 6.90

= 29.4

$\Sigma P_1$ = 8.50 + 12.50 + 13.50 + 8.80 **Back**

**Back**

= 43.3

വിലനിലവാര സൂചിക = $\Sigma P_1 / \Sigma P_0 \times 100$

= 43.3/29.4 × 100

= 147.28

= 147

36. 9 സെ.മീ. നീളത്തിൽ AB വരയ്ക്കുക.B യിൽ 8 സെ.മീ അകലെ ഒരു ലഘുചാപം വരയ്ക്കുക. A യിൽ നിന്ന് 7.5 സെ.മീ അകലെ (B യിൽ നിന്നുള്ള ചാപത്തിന്റെ അതേ ദിശയിൽ) മറ്റൊരു ചാപം വരയ്ക്കുക. ഇവയുടെ സംഗമബിന്ദുവാണ് C. AC യും BC യും യോജിപ്പിക്കുക.




**Back**

ത്രികോണത്തിന്റെ കോണുകളുടെ സമഭാജികൾ വരയ്ക്കുക. അവ ഖണ്ഡിക്കുന്ന ബിന്ദുവാണ് അന്തർവൃത്തകേന്ദ്രം (C)

വൃത്തകേന്ദ്രത്തിൽ നിന്നും ഏതെങ്കിലും ഒരു ഭുജത്തിലേയ്ക്കുള്ള ലംബം വരയ്ക്കുക.

വൃത്തകേന്ദ്രത്തിൽ നിന്ന് ലംബം ഭുജത്തെ ഖണ്ഡിക്കുന്ന ബിന്ദുവിലേയ്ക്കുള്ള ദൂരമാണ് അന്തർവൃത്തത്തിന്റെ ആരം.

ആ ബിന്ദുവിനെ M എന്ന് രേഖപ്പെടുത്തുക. C കേന്ദ്രമായും CM ആരമായും ഒരു വൃത്തം വരച്ചാൽ അന്തർവൃത്തം ലഭിക്കുന്നു.

37. C കേന്ദ്രമായും 4 സെ.മീ ആരത്തിലുള്ള ഒരു വൃത്തം വരയ്ക്കുക. **Back**

Back




വൃത്തത്തിലെ ഒരു ആരമായ CP വരച്ച് അതിൽ 3.5 സെ.മീ അകലെ R അടയാളപ്പെടുത്തുക. R കേന്ദ്രമാക്കിയും C കേന്ദ്രമാക്കിയും ചാപങ്ങൾ വരയ്ക്കുക.

ചാപങ്ങളുടെ സംഗമബിന്ദുക്കൾ യോജിപ്പിക്കുക.

ഞാണിന്റെ നീളം അളന്നെഴുതുക.

38. സമചതുരസ്തൂപികയുടെ പാദവിസ്തീർണ്ണം = 576 $cm^2$ Back

ഒരു വശം = 576 = 24cm

ഉന്നതി = 5cm

സമചതുരസ്തൂപികയുടെ പാർശ്വവശങ്ങൾ സമപാർശ്വത്രികോണ ക്ഷേത്രങ്ങളാണ്.

സ്തൂപികയുടെ പാദം ത്രികോണത്തിന്റെ ഒരു വശമാണ്

ഒരു പാർശ്വമുഖത്തിന്റെ പാദത്തിലേയ്ക്കുള്ള ലംബമാണ് പാർശോന്നതി.

പാർശോന്നതി, 1/2 (പാദം), ഉന്നതി ഇവ ഒരു മട്ടത്രികോണം രൂപീകരിക്കുന്നു.

പാർശോന്നതി h ആണെന്നിരിക്കട്ടെ

Back







$h^2 = 5^2 + 12^2 = 169$

$h = 13$

പാർശോന്നതി = 13

പാർശ്വമുഖവിസ്തീർണ്ണം = 13 × 24/2 = 156cm²

4 പാർശ്വമുഖങ്ങളുടെ വിസ്തീർണ്ണം = 4 × 156 = 624 cm²

1 m² ന് ആവശ്യമുള്ള ക്യാൻവാസിന്റെ വില = 26

ആകെ വില = Rs. 624 × 26

= Rs.16224

39.

| ക്ലാസ് | മധ്യാങ്കം | ആവൃത്തി | D = x - A | fd |
|---|---|---|---|---|
| 30 - 40 | 35 | 3 | - 30 | - 90 |
| 40 - 50 | 45 | 11 | - 20 | - 220 |
| 50 - 60 | 55 | 37 | - 10 | - 370 |
| 60 - 70 | 55 | 37 | - 10 | - 370 |
| 70 - 80 | A = 65 | 26 | 0 | 0 |
| 80 - 90 | 85 | 8 | 20 | 160 |
| 90 - 100 | 95 | 1 | 30 | 30 |

A = 65
N = Σf

= 3 + 11 + 37 + 26 + 14 + 8 = 1

= 100

ΣfD = - 90 + - 220 + - 370 + 0 + 140 + 160 + 30

Back

Back

= - 350

x = A + ΣfD/N

= 65 + - 350/100

= 65 - 3.5

= 61.5

40. ഒരു വൃത്തസ്തൂപികയുടെ ആരം = 18 സെ.മീ

ചെറിയ വൃത്തസ്തൂപികയുടെ ആരം = 12 സെ.മീ

ചെറിയ വൃത്തസ്തൂപികയുടെ ഉന്നതി = h




Back




$$\frac{18}{12} = \frac{h + 12}{h}$$

Back

$$\frac{3}{2} = \frac{h + 12}{h}$$

വലിയ വൃത്തസ്തൂപികയുടെ ഉന്നതി = 24 + 12 = 36cm

ചെറിയ വൃത്തസ്തൂപികയുടെ ഉന്നതി = 24cm

തൊട്ടിയുടെ വ്യാപ്തം = വലിയ വൃത്തസ്തൂപികയുടെ വ്യാപ്തം - ചെറിയ വൃത്തസ്തൂപികയുടെ വ്യാപ്തം

വലിയവൃത്തസ്തൂപികയുടെ വ്യാപ്തം $= \frac{\prod \times 18 \times 18 \times 36}{3}$

$= 3888 \prod$

ചെറിയ വൃത്തസ്തൂപികയുടെ വ്യാപ്തം $= \frac{\prod \times 12 \times 12 \times 24}{3}$

$= 1152 \prod$

തൊട്ടിയുടെ വ്യാപ്തം = $3888 \prod - 1152 \prod$

$= 2736 \prod$ cc.